**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2994** **07-10-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ആകെ ഉപയോഗയോഗ്യമായ എത്ര മുറികളാണ് ഉള്ളതെന്നതിന്റെ കണക്ക് ലഭ്യമാണോ ; എങ്കിൽ എവിടെയെല്ലാം എത്ര റൂമുകൾ വീതമാണുള്ളതെന്ന വിവരം അറിയിക്കാമോ; | (എ) | വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ആകെ ഉപയോഗയോഗ്യമായ മുറികളുടെ എണ്ണം സംബന്ധിച്ച വിശദ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | വനം വകുപ്പിന്റെ കീഴിൽ പൊതുപണം ഉപയോഗിച്ച് നിർമ്മിച്ച ഇൻസ്പെക്ഷൻ ബംഗ്ലാവിൽ അതിഥികളായി വരുന്നവർക്കും വനം വകുപ്പ് ഒഴികെയുള്ള മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും പൊതുജനത്തിനും താമസിക്കാൻ റൂം അനവദിക്കുന്നതിന്റെ മാനദണ്ഡവും നിശ്ചയിച്ചിട്ടുള്ള ദിവസ വാടകയും വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ അനുവദിക്കനാതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നടത്തിപ്പിന്റെ പൊതുചുമതല ആർക്കാണെന്നും ഓരോ സ്ഥലത്തേയും മുറികൾ അനുവദിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും പൊതുജനങ്ങൾ മുറികൾക്കായി ആരെയാണ് സമീപിക്കേണ്ടതെന്നും വ്യക്തമാക്കുമോ; മുറികളിൽ താമസിക്കാൻ അനുവദിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ; | (സി) | വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നടത്തിപ്പിന്റെ പൊതു ചുമതല അതാത് ഡിവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ അനുവദിക്കുന്നത് ഡിവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ അനുബന്ധം-2 യിൽ പരാമർശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചാണ് അനുവദിക്കുന്നത്. |
| (ഡി) | വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ പൊതുജനങ്ങൾക്ക് ഏതെല്ലാം രീതിയിൽ റൂമുകൾ ബുക്ക് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ പൊതുജനങ്ങൾക്ക് ഡിവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് അനുബന്ധം-2യിൽ പരാമർശിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി റൂം ബുക്ക് ചെയ്യാവുന്നതാണ്. നിലവിൽ റൂം ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-1</u>**

| സർക്കിൾ | ഡിവിഷൻ | ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ പേര് | ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ഉപയോഗയോഗ്യമായ മുറികളുടെ എണ്ണം |
|---|---|---|---|
| ഫീൽഡ് ഡയറക്ടർ കോട്ടയം | പെരിയാർ ഈസ്റ്റ് | തേക്കടി | 3 |
| | പെരിയാർ വെസ്റ്റ് | ശബരിമല (2 നം) | 7 |
| | വൈൽഡ് ലൈഫ് ഇടുക്കി | ഇടുക്കി | 3 |
| | വൈൽഡ് ലൈഫ് മൂന്നാർ | തട്ടേക്കാട്<br>ചിന്നാർ<br>മൂന്നാർ | 3<br>3<br>4 |
| ഹൈറേഞ്ച് സർക്കിൾ കോട്ടയം | മൂന്നാർ | ദേവികുളം (2 നം) | 4 |
| | മറയൂർ | മറയൂർ | 4 |
| സോഷ്യൽ ഫോറസ്ട്രി എറണാകുളം | സോഷ്യൽ ഫോറസ്ട്രി എറണാകുളം | എറണാകുളം സോഷ്യൽ ഫോറസ്ട്രി കോമ്പൗണ്ട് | 3 |
| | | മംഗള വനം പക്ഷി സങ്കേതം | 2 |
| | | സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക് | 3 |
| സതേൺ സർക്കിൾ കൊല്ലം | തിരുവനന്തപുരം | കുളത്തൂപ്പുഴ | 4 |
| | അച്ചൻകോവിൽ | അച്ചൻകോവിൽ | 3 |
| | കോന്നി | കോന്നി | 2 |
| | റാന്നി | പമ്പ | 2 |
| | | വടശ്ശേരിക്കര | 2 |
| വൈൽഡ് ലൈഫ് പാലക്കാട് | വയനാട് | സുൽത്താൻ ബത്തേരി<br>ചെതലയം | 2<br>2 |
| | പീച്ചി | വള്ളിക്കയം<br>ചിമ്മിനി | 2<br>3 |
| | ആറളം | ആറളം | 5 |
| | സൈലന്റ് വാലി | മുക്കാലി | 4 |
| | പറമ്പിക്കുളം | ആനപ്പാടി | 2 |

| | | | |
|---|---|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ | തിരുവനന്തപുരം വന്യജീവി ഡിവിഷൻ | പേപ്പാറ വന്യജീവി സങ്കേതം<br>നെയ്യാർ വന്യജീവി സങ്കേതം | **2**<br>**2** |
| | ശെന്തുരുണി വന്യജീവി ഡിവിഷൻ | ശെന്തുരുണി വന്യജീവി സങ്കേതം | **3** |
| സെൻട്രൽ സർക്കിൾ | ചാലക്കുടി | ചാലക്കുടി | **2** |
| | തൃശൂർ | പറവട്ടാനി | **4** |
| | വാഴച്ചാൽ | ആതിരപ്പള്ളി | **6** |
| | മലയാറ്റൂർ | കോടനാട് | **5** |
| ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | ചാത്തുമേനോൻ ബംഗ്ലാവ് | **3** |
| | നിലമ്പൂർ സൗത്ത് | നെടുങ്കയം | **2** |
| | നെന്മാറ | നെല്ലിയാമ്പതി | **2** |
| | മണ്ണാർക്കാട് | പട്ടിയാർ ബംഗ്ലാവ് | **2** |
| | പാലക്കാട് | വുഡ് ഹൗസ് | **2** |
| നോർത്തേൺ സർക്കിൾ കണ്ണൂർ | നോർത്ത് വയനാട് | തിരുനെല്ലി<br>മാനന്തവാടി | **3**<br>**2** |
| | ടിമ്പർ സെയിൽസ് കോഴിക്കോട് | മാത്തോട്ടം വനശ്രീ കോംപ്ലക്സ് | **5** |
| **ആകെ** | | | **117** |

**അനുബന്ധം-2**

1. വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ പ്രധാനമായും ഡ്യൂട്ടിക്കായി യാത്ര ചെയ്യുന്ന വനം ഉദ്യോഗസ്ഥർക്കായി ഉദ്ദേശിച്ചവയാണ്. വനം ഉദ്യോഗസ്ഥർക്ക് എപ്പോഴും ഇവ ഉപയോഗിക്കുന്നതിൽ മുൻഗണനാ അവകാശം ഉണ്ടായിരിക്കും. വനം ഉദ്യോഗസ്ഥരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുമ്പോൾ അപേക്ഷ സമർപ്പിച്ച ക്രമത്തിൽ (Seniority) മുറികളുടെ റിസർവേഷൻ സ്ഥിതീകരിക്കുന്നതാണ് .

2. റിസർവേഷൻ അനുവദിക്കുമ്പോൾ താഴെപ്പറയുന്ന മുൻഗണനാക്രമം പാലിക്കണം.

(a) ഔദ്യോഗിക ആവശ്യത്തിനുള്ള റിസർവേഷൻ- മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ ഗവൺമെന്റ് ചീഫ് വിപ്പ്, എം.പി.മാർ, എം.എൽ.എ മാർ, കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ, അഡ്വക്കേറ്റ് ജനറൽ, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (വനം & വന്യജീവി വകുപ്പ്) എന്നിവർക്കും ഇൻസ്പെക്ഷനിലുള്ള വനം ഉദ്യോഗസ്ഥർക്കും.

(b) സ്വകാര്യ ആവശ്യത്തിനുള്ള റിസർവേഷൻ- മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ ഗവൺമെന്റ് ചീഫ് വിപ്പ്, എം.പി.മാർ, എം.എൽ.എ മാർ, കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ, അഡ്വക്കേറ്റ് ജനറൽ, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (വനം & വന്യജീവി വകുപ്പ്) എന്നിവർക്കും സംസ്ഥാനത്തെ വനം ഉദ്യോഗസ്ഥർക്കും വിരമിച്ച വനം ഉദ്യോഗസ്ഥർക്കും.

(c) മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ, മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ.

(d) പൊതുജനം.

3. ഓരോ വിഭാഗത്തിനുള്ളിലും റിസർവേഷൻ "ആദ്യമെത്തുന്നവർക്ക് മുൻഗണന" (First come, First serve) അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്.

**31.07.2024** -ലെ സ.ഉ(സാധാ)നം.**337/2024/F&WLD**, **08.09.2025** -ലെ സ.ഉ(സാധാ)നം.**371/2024/F&WLD** എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെ മുറികളുടെ ദിവസ വാടക നിശ്ചയിച്ചിരിക്കുന്നത്.